**● ഓർമ്മ/അനുഭവം**

# ഓർമ്മയുടെ ചിറകിൽ ഓണത്തിന് ചാരുത

**സി. നാരായണൻ**

ഓണം ഗൃഹാതുരത്വത്തിന്റെ ഉത്സവമാണ്. പുതിയ കാലത്തിൽ ജീവിക്കുന്ന പഴയ തലമുറയ്ക്ക് ഓർമ്മയുടെ കലവറയിലെ സമൃദ്ധി.

കർക്കടകത്തിന്റെ ഇരുണ്ട ഋതുവിൽനിന്നും വെളിച്ചത്തിന്റെ സ്വർണ്ണ നൂലുകൾ ഇഴയിട്ട ചിങ്ങത്തിന്റെ വർണ്ണ-കമ്പളത്തിലേക്കൊരു ചാട്ടം. തിരിമുറിയാത്ത മഴക്കോളിന്റെ തണവിൽ നിന്നും പതുക്കെയുണരുന്ന പൊൻവെളിച്ചത്തിന്റെ നാണിച്ച മുഖം.

കുട്ടിക്കാലത്തിന്റെ അനുഭവങ്ങളിലെ ഓണം ഗ്രാമീണ കൗതുകങ്ങളുടെ ശോഭയാണ്. പത്തു ദിവസത്തെ, കാത്തുകാത്തിരുന്ന സ്കൂളവധി മഴപ്പെയ്ത്തിന്റെ ദുരിതം അധികമില്ലാത്ത കളിദിനങ്ങളുടെ സമ്മാനം. പച്ചപുതച്ച കാട്ടിലും മേട്ടിലും വയലിലും വരമ്പിലും കൊച്ചുകൗതുകങ്ങളായും കനത്ത വർണ്ണക്കൂട്ടമായും നിറയുന്ന പൂക്കളുടെ സൗമ്യ ശോഭ കാടുകളിൽ, അരിപ്പൂ, വെള്ളിലപ്പൂ, തെച്ചിപ്പൂ മേടുകളിൽ തുമ്പപ്പൂ, കാക്കപ്പൂ. തൊടിയിൽ ചെണ്ടുമല്ലി, കാശിത്തുമ്പ പല നിറങ്ങളിൽ വയലിൽ നെല്ലിന്റെ പീത നിറത്തിനടിയിലൊളിച്ച് ഇളം നീലക്കുപ്പായമുള്ള നെല്ലിപ്പൂ.....

പൂക്കൾക്കായി ആഹാരം മറന്നുള്ള തേട്ടം. തേക്കിലയിൽ ഈർക്കിൽകൊണ്ട് തുന്നിയെടുക്കുന്ന കൊട്ടകളിൽ ശേഖരിക്കുന്ന പൂക്കൾ. മുറ്റത്തിടുന്ന പൂക്കളത്തിന് എത്ര വട്ടമുണ്ടോ, എത്ര നിറമുണ്ടോ അത്ര കേമത്തം.

കാക്കപ്പൂവും തുമ്പപ്പൂവും അന്വേഷിച്ച് കാതങ്ങൾ താണ്ടിയിട്ടുണ്ട്. രണ്ടും എത്ര പറിച്ചെടുത്താലും അളവ് കൂടുതൽ തോന്നുകയേയില്ല. മണിക്കൂറുകൾ നിലത്തു നിരങ്ങി സൂക്ഷ്മമായി നുള്ളിയെടുത്താലും കിട്ടുക ഒരു പിടി. പക്ഷേ അവ പൂക്കളത്തിലെ വർണ്ണരാജിമാരാണ്. നെല്ലിപ്പൂ നുള്ളാൻ വിളഞ്ഞ വയലിലിറങ്ങി നെൽച്ചെടി ചവിട്ടിമെതിച്ചതിന് കേട്ട ശകാരം ഏറെയാണ്. കള്ളത്തരം ഉടമ വന്നു പിടിക്കുമ്പോഴേക്കും ഒരു പിടിപ്പൂ കൊട്ടയിലെത്തിയിരിക്കും. ചീത്ത കേട്ട ചമ്മൽ കണക്കാക്കാതെ വരമ്പത്തൂടെ വച്ചു പിടിക്കും.

രാവിലെ പൂക്കളമിടുന്ന നേരത്തൊക്കെ മഴയുണ്ടാകും. കുടപിടിച്ച് നിലത്തു കുനിഞ്ഞിരുന്ന് കളം തീർക്കും. ചില വീടുകളിൽ വീടിന്റെ ഇറയത്താണ് കളമിടുക. ഉത്രാടത്തിനും ഓണത്തിനുമായിരിക്കും ഏറ്റവും കൂടുതൽ പൂക്കളുള്ള കളം തീർക്കുക. ഇതിനായി മുൻ ദിവസങ്ങളിൽ ബാക്കിയുള്ള പൂക്കൾ വിവിധ കൊട്ടകളിലാക്കി സംഭരിച്ചുവെക്കും. അത്തം മുതൽ പത്തു ദിവസത്തിന്റെ കാടും നാടുമലയൽ കണ്ണിനും കാതിനും സമ്മാനിക്കുന്ന ഗ്രാമീണാനുഭവം ഒന്നു വേറെ തന്നെയാണ്.

ഉത്രാടവും തിരുവോണവും ഞങ്ങളെ കൊതിപ്പിച്ചിരുന്നു ഒരു കൊല്ലം ഞങ്ങൾ കുട്ടികൾക്ക് നാനാവിധ വിഭവങ്ങളോടെ ഭക്ഷണം കിട്ടിയിരുന്ന വിരലിലെണ്ണാവുന്ന ദിവസങ്ങളിൽ രണ്ടെണ്ണമായിരുന്നു അവ. തൃശൂരും അതിനു തെക്കോട്ടും ഉള്ളതു പോലെ നാലാമോണംവരെയൊന്നും വടക്കേ മലബാറുകാർക്കില്ല - ഉത്രാടവും ഓണവും മാത്രം. (സദ്യ കിട്ടുന്ന മറ്റൊരു വേള വർഷാവർഷം പുരകെട്ടിമേയുന്ന ദിനങ്ങളായിരിക്കും. 'പുര പുതയ്ക്കുക' എന്നാണതിന് നാടൻ വിശേഷണം. നാലോ അഞ്ചോ ദിവസങ്ങളുണ്ടാകും. പണിക്കാർക്ക് ഒരുക്കുന്ന നല്ല കൂട്ടാനുകളും പലഹാരവും കുട്ടികൾക്ക് കിട്ടും)

*'മാതൃഭൂമി', തൃശൂർ-21*


**ഹരിതമാർഗ്ഗം**

ഒറ്റപ്രതി 4 രൂപ, വാർഷികം 45 രൂപ
ഹരിതമാർഗ്ഗം, മേലുകാവ് പി.ഒ.,
കോട്ടയം-680 652

**MBA**
**M.Sc. Bio Informatics**
**MCA**

**SENSORIUM**
N.P. Complex, Mannath Lane
M.G. Road, Trichur
Ph : 95-487 2320478
Mobile : 94470 20478

**KSFE ചിട്ടികൾ സമ്പാദ്യശീലത്തോടൊപ്പം വായ്പാ സൗകര്യവും**

നിങ്ങളുടെ ഏതാവശ്യത്തിനും സാമ്പത്തിക സഹായം. ചിട്ടി കിട്ടിയാൽ അന്നുതന്നെ ചിട്ടിപ്പണം! സ്വർണ്ണാഭരണങ്ങൾ ജാമ്യമായി സ്വീകരിക്കുന്നു.




**KSFE ചിട്ടികൾ**

● നിങ്ങളുടെ ഏതാവശ്യങ്ങൾക്കും പണം കണ്ടെത്താൻ സഹായിക്കുന്ന ഒരു ഉത്തമ സമ്പാദ്യ വായ്പാ പദ്ധതി ● 40 മാസം മുതൽ 100 മാസം വരെ കാലാവധിയുള്ള വിവിധ സലയോടുകൂടിയ ചിട്ടികൾ ● ചിട്ടി ലഭിക്കാത്തവർക്ക് ചിട്ടിലോൺ സൗകര്യം ● ചിട്ടി കിട്ടിയവർക്കൊ പലിശയില്ലാത്ത ഒരു വായ്പയുമായി! ● ഈ പദ്ധതിയുടെ പ്രയോജനങ്ങൾ യുടെ 230 ശാഖകളിൽ ലഭ്യമാണ് ● ലളിതമായ ജാമ്യവ്യവസ്ഥകൾ. ഇന്നുതന്നെ ഒരു KSFE ചിട്ടിയിൽ ചേരൂ.

**KSFE**




**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്** (ഒരു കേരള സർക്കാർ സ്ഥാപനം)

രജി. ഓഫീസ്: ഭദ്രത, മ്യൂസിയം റോഡ്, പി.ബി. നമ്പർ : 510, തൃശൂർ - 20. ഫോൺ : 2332255. Fax : 0487-336232. E-mail : ksfeltd@md4.vsnl.net.in

**SAVE AND GROW WITH KSFE**